**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 871** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഫിഷറീസ് വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് ഇംപ്ലിമെന്റിംഗ് ഏജൻസിയായി നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് Integrated Modern Coastal Fishing Village – ചാലിൽഗോപാലപേട്ട എന്ന പദ്ധതി. ഈ പദ്ധതിക്ക് സ.ഉ.(സാധാ)നം.226/2024/മഉവ തീയതി 07-05-2024, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് നിർവ്വഹിക്കുന്നത്.

ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രധാന ഉപ-ഘടകങ്ങൾ (Components) താഴെ പറയുന്നവയാണ്:

1. തലായി ഫിഷിംഗ് ഹാർബറിന് സമീപം ഫിഷ് മാർക്കറ്റ് നിർമ്മാണം.

2. ചാലിൽ ഗോപാലപ്പേട്ട FLC പരിസരത്ത് Community Toilet Blockനിർമ്മാണം.

3. നായനാർ ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

4. കെ.ഇ.സി (KEC) ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

5. Coastal Bio Shielding ഒരുക്കൽ.

6. ഔട്ട് ബോർഡ് മോട്ടോർ (OBM) റിപ്പയർ സെന്റർ സ്ഥാപിക്കൽ.

7. ഫിഷറീസ് എക്സ്റ്റൻഷൻ കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കൽ.

8. ചാലിൽ ഗോപാലപ്പേട്ട തീരത്ത് ആർട്ടിഫിഷ്യൽ റീഫ് മൊഡ്യൂളുകൾ സ്ഥാപിക്കൽ (പദ്ധതി പൂർത്തീകരിച്ചു)

9. ചാലിൽ ഗോപാലപ്പേട്ടയിലെ തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകളുടെ വിതരണം. (പദ്ധതി പൂർത്തീകരിച്ചു)

10. തിരഞ്ഞെടുക്കപ്പെട്ട 5 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഫിഷ് വെൻഡിംഗ് ഇലക്ട്രിക് ഓട്ടോ കിയോസ്ക് വിതരണം (പദ്ധതി പൂർത്തീകരിച്ചു).

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു.

തലശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം - II ആയി** ചേർക്കുന്നു.

തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തലശ്ശേരി നിയോജക മണ്ഡലത്തിലെ മഞ്ഞോടിയിൽ 4,72,520/-രൂപ ചെലവിൽ മത്സ്യഫെഡ് സീ ഫുഡ് റസ്റ്റോറന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. NABARD RIDF XXX – പദ്ധതിയിൽ ഉൾപ്പെടുത്തി തലായിയിൽ 2.01കോടി രൂപ ചെലവിൽ 30 ടൺ ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിലേയ്ക്കായി സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. തലായിൽ PMMSY 2023-24 Integrated Modern Coastal Fishing Village പദ്ധതി പ്രകാരം 3.5 ലക്ഷം രൂപ മുതൽ മുടക്കിൽ ഒരു ഒ.ബി.എം വർക്ക് ഷോപ്പിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4.ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)-യിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് സഹകരണ സംഘങ്ങൾക്ക് മത്സ്യബന്ധന ഉപകരണ വായ്പയായി നാളിതുവരെ 200.16 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

5.ദേശീയപിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി പ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോഫിനാൻസ് വായ്പയായി 265.69 ലക്ഷം രൂപ അനുദിച്ച് നൽകിയിട്ടുണ്ട്.

6. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പയായി 20.90 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി വായ്പ ഒരു പ്രാഥമിക മത്സ്യത്തൊഴിലാളി സംഘം വഴിയാണ് നടപ്പിലാക്കിയത്.

7. പ്രാഥമിക സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FFPOs) ആയി ശാക്തീകരിക്കുന്ന പദ്ധതി പ്രകാരം തലശ്ശേരി നിയോജക മണ്ഡലത്തിലെ ഒരു സഹകരണ സംഘത്തെ FFPO ആയി തെരഞ്ഞെടുക്കുകയും, മാനേജീരിയൽ കോസ്റ്റായി 3.14 ലക്ഷം രൂപയും, പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ഒരു സഹകരണ സംഘത്തിന് 90,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

8. നാടൻ വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് 10 എച്ച്.പി യിൽ താഴെയുള്ള ഒട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ മോട്ടോറൈസേഷൻ സബ്സിഡിയും 10 എച്ച് പി യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ

ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളികൾക്ക് വലയുടെ വിലയുടെ 25% പരമാവധി 10000/- രൂപ വരെ വലയ്ക്കുള്ള സബ്സിഡിയും നൽകി വരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ, നാടൻ വള്ളങ്ങളുടെ നവീകരണം (മോട്ടോറൈസേഷൻ സബ്സിഡി) പ്രകാരം 45 ഗുണഭോക്താക്കൾക്ക് 4.68 ലക്ഷം രൂപയും, വലകൾക്കുള്ള സബ്സിഡിയായി ഒരു ഗുണഭോക്താവിന് 10,000/- രൂപയും പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച നൽകിയിട്ടുണ്ട്.

9. മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി പദ്ധതി പ്രകാരം, നിലവിൽ മണ്ണെണ്ണ എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി എഞ്ചിനു പകരം പെട്രോൾ എഞ്ചിൻ വാങ്ങിയാൽ 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ) പദ്ധതിയിലൂടെ നൽകുന്നു. ടി പദ്ധതി പ്രകാരം, പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ 14 മത്സ്യത്തൊഴിലാളികൾക്ക്, ഒരാൾക്ക് 50,000/- രൂപ വീതം ആകെ 7,00,000/- രൂപ നൽകിയിട്ടുണ്ട്.

**(ബി)** ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനി എന്തൊക്കെ നടപടികൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

**മറുപടി:** തലശ്ശേരി നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് ഇംപ്ലിമെന്റിംഗ് ഏജൻസിയായി നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് Integrated Modern Coastal Fishing Village – ചാലിൽഗോപാലപേട്ട എന്ന പദ്ധതി. ഈ പദ്ധതിക്ക് സ.ഉ.(സാധാ)നം.226/2024/മതുവ തീയതി 07-05-2024, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് നിർവ്വഹിക്കുന്നത്.

ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രധാന ഉപ-ഘടകങ്ങൾ (Components) താഴെ പറയുന്നവയാണ്:

1. തലായി ഫിഷിംഗ് ഹാർബറിന് സമീപം ഫിഷ് മാർക്കറ്റ് നിർമ്മാണം.

2. ചാലിൽ ഗോപാലപ്പേട്ട FLC പരിസരത്ത് Community Toilet Blockനിർമ്മാണം.

3. നായനാർ ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

4. കെ.ഇ.സി (KEC) ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം.

5. Coastal Bio Shielding ഒരുക്കൽ.

6. ഔട്ട് ബോർഡ് മോട്ടോർ (OBM) റിപ്പയർ സെന്റർ സ്ഥാപിക്കൽ.

7. ഫിഷറീസ് എക്സ്റ്റൻഷൻ കം ട്രെയിനിംഗ് സെന്റർ സ്ഥാപിക്കൽ.

8. ചാലിൽ ഗോപാലപ്പേട്ട തീരത്ത് ആർട്ടിഫിഷ്യൽ റീഫ് മൊഡ്യൂളുകൾ സ്ഥാപിക്കൽ (പദ്ധതി പൂർത്തീകരിച്ചു)

9. ചാലിൽ ഗോപാലപ്പേട്ടയിലെ തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഐസ് ബോക്സുകളുടെ വിതരണം. (പദ്ധതി പൂർത്തീകരിച്ചു)

10. തിരഞ്ഞെടുക്കപ്പെട്ട 5 മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഫിഷ് വെൻഡിംഗ് ഇലക്ട്രിക് ഓട്ടോ കിയോസ്ക് വിതരണം (പദ്ധതി പൂർത്തീകരിച്ചു).

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം - I** ആയി ചേർക്കുന്നു.

തലശ്ശേരി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം - II ആയി** ചേർക്കുന്നു.

തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തലശ്ശേരി നിയോജക മണ്ഡലത്തിലെ മഞ്ഞോടിയിൽ 4,72,520/-രൂപ ചെലവിൽ മത്സ്യഫെഡ് സീ ഫുഡ് റസ്റ്റോറന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. NABARD RIDF XXX – പദ്ധതിയിൽ ഉൾപ്പെടുത്തി തലായിയിൽ 2.01കോടി രൂപ ചെലവിൽ 30 ടൺ ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിലേയ്ക്കായി സ്ഥലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. തലായിൽ PMMSY 2023-24 Integrated Modern Coastal Fishing Village പദ്ധതി പ്രകാരം 3.5 ലക്ഷം രൂപ മുതൽ മുടക്കിൽ ഒരു ഒ.ബി.എം വർക്ക് ഷോപ്പിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4.ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)-യിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് സഹകരണ സംഘങ്ങൾക്ക് മത്സ്യബന്ധന ഉപകരണ വായ്പയായി നാളിതുവരെ 200.16 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

5.ദേശീയപിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി പ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ട് പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് മൈക്രോഫിനാൻസ് വായ്പയായി 265.69 ലക്ഷം രൂപ അനുദിച്ച് നൽകിയിട്ടുണ്ട്.

6. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പയായി 20.90 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി വായ്പ ഒരു പ്രാഥമിക മത്സ്യത്തൊഴിലാളി സംഘം വഴിയാണ് നടപ്പിലാക്കിയത്.

7. പ്രാഥമിക സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FFPOs) ആയി ശാക്തീകരിക്കുന്ന പദ്ധതി പ്രകാരം തലശ്ശേരി നിയോജക മണ്ഡലത്തിലെ ഒരു സഹകരണ സംഘത്തെ FFPO ആയി തെരഞ്ഞെടുക്കുകയും, മാനേജീരിയൽ കോസ്റ്റായി 3.14 ലക്ഷം രൂപയും, പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹയോജന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ഒരു സഹകരണ സംഘത്തിന് 90,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

8. നാടൻ വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് 10 എച്ച്.പി യിൽ താഴെയുള്ള ഒട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ മോട്ടോറൈസേഷൻ സബ്സിഡിയും 10 എച്ച് പി യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളികൾക്ക് വലയുടെ വിലയുടെ 25% പരമാവധി 10000/- രൂപ വരെ വലയ്ക്കുള്ള സബ്സിഡിയും നൽകി വരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ, നാടൻ വള്ളങ്ങളുടെ നവീകരണം (മോട്ടോറൈസേഷൻ സബ്സിഡി) പ്രകാരം 45 ഗുണഭോക്താക്കൾക്ക് 4.68 ലക്ഷം രൂപയും, വലകൾക്കുള്ള സബ്സിഡിയായി ഒരു ഗുണഭോക്താവിന് 10,000/- രൂപയും പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

9. മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി പദ്ധതി പ്രകാരം, നിലവിൽ മണ്ണെണ്ണ എഞ്ചിനുകൾ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി എഞ്ചിനു പകരം പെട്രോൾ എഞ്ചിൻ വാങ്ങിയാൽ 50% സബ്സിഡി (പരമാവധി 50,000/- രൂപ വരെ) പദ്ധതിയിലൂടെ നൽകുന്നു. ടി പദ്ധതി പ്രകാരം, പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ 14 മത്സ്യത്തൊഴിലാളികൾക്ക്, ഒരാൾക്ക് 50,000/- രൂപ വീതം ആകെ 7,00,000/- രൂപ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം – I

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **CSS-PMMSY (കേന്ദ്ര സംസ്ഥാന പദ്ധതി)** | | |
| | സംയോജിത ആധുനിക മത്സ്യഗ്രാമ പദ്ധതി, ചാലിൽ ഗോപാൽപേട്ട – പദ്ധതി ഘടകങ്ങൾ | | |
| 1 | മത്സ്യ മാർക്കറ്റ് തലായ് | 281 | ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു |
| 2 | ചാലിൽ ഗോപാലപേട്ട എഫ് എൽ സി പരിസരത്ത് ടോയ്ലറ്റ് ബ്ലോക്ക് | 69 | ടോയ്ലറ്റ് ബ്ലോക്ക് – പെയിന്റിംഗ്/സാനിറ്ററി ഫിറ്റിംഗ്സ് വർക്കുകൾ പുരോഗമിക്കുന്നു |
| 3 | ഒ ബി എം റിപ്പയർ സെൻറർ | | പെയിന്റിംഗ് വർക്ക് പുരോഗമിക്കുന്നു |
| 4 | നായനാർ ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് | 28 | സെപ്റ്റേജ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചു. ബാലൻസ് പ്ലംബിംഗ് പ്രവൃത്തികൾ ഏർപ്പാടാക്കിവരുന്നു |
| 5 | കെ ഇ സി ഫിഷറീസ് കോളനിയിൽ സെപ്റ്റേജ് യൂണിറ്റ് | 21 | വർക്ക് അവാർഡ് ചെയ്തു |
| 6 | കോസ്റ്റൽ ബയോ ഷീൽഡിംഗ് | 25 | പദ്ധതിസോഷ്യൽ ഫോറസ്റ്ററി മുഖേന നടപ്പിലാക്കുന്നു |
| 7 | ഫിഷറീസ് എക്സ്റ്റൻഷൻ കം കോമൺ യൂട്ടിലിറ്റി സെൻറർ | 58 | പ്ലിന്ത് ബീം പ്രവൃത്തിപുരോഗമിക്കുന്നു |
| 8 | കൃത്രിമപാര് സ്ഥാപിക്കൽ | 31 | പൂർത്തീകരിച്ചു |
| 9 | 150 മത്സ്യത്തൊഴിലാളി കൾക്ക് ഐസ് ബോക്സ് വിതരണം | 7.50 | പൂർത്തീകരിച്ചു |
| 10 | 5 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഇലക്ട്രിക് ഫിഷ് വെന്റിംഗ് കിയോസ്ക് വിതരണം | 39.00 | പൂർത്തീകരിച്ചു |
| | **കിഫ്ബി പദ്ധതി** | | |
| 1 | ജി.യു.പി.എസ്, ചാലിൽ ഗോപാൽപേട്ട | 74.01 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.എച്ച്.എസ്.എസ്, കൊടുവള്ളി | 202.60 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ന്യൂമാഹി മത്സ്യമാർക്കറ്റ് | 129.20 | പദ്ധതി പ്രദേശം ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല |

## അനുബന്ധം - II

| തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ | | | | |
|---|---|---|---|---|
| **ക്രമ നം** | **പ്രവൃത്തിയുടെ പേര്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ** | **അവശേഷിക്കുന്ന നടപടികൾ** |
| 1 | കണ്ണൂർ ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണം-തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ചിറമ്മൽ മാപ്പിള എൽ.പി. സ്കൂൾ റെയിൽവേ ലൈൻ റോഡ് | 100.00 | കരാറിൽ എർപ്പെട്ട് 25% പ്രവൃത്തികൾ പൂർത്തീകരിച്ചി ട്ടുണ്ട്. | ക്രോസ്സ് ഡ്രൈൻ, ടാറിംഗ് പ്രവൃത്തി ചെയ്യേണ്ടതുണ്ട്. |
| 2 | കണ്ണൂർ ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണം--തലശ്ശേരി മുനിസിപ്പാലിറ്റി-വാർഡ് നമ്പർ 25 ൽ ഈങ്ങയിൽ പീഡികാ ജൂനിയർ ബേസിക് സ്കൂൾ രാജു മാസ്റ്റർ റോഡ്. | 84.00 | കരാറിൽ എർപ്പെട്ടു. | ടാറിംഗ് , കോൺക്രീറ്റ് റോഡ്, ഡ്രൈനേജ് പ്രവൃത്തി ചെയ്യേണ്ടതുണ്ട്. |
| 3 | കണ്ണൂർ ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണം-ചൊക്ളി ഗ്രാമ പഞ്ചായത്തിലെ മോന്താൽ നാരായണ പറമ്പ റോഡ് - വാർഡ് 11 | 230.90 | കരാറിൽ എർപ്പെട്ട് സൈറ്റ് കൈമാറി നല്കിയിട്ടുണ്ട്. | ബി. എം. ബി.സി, ടാറിംഗ്, കോൺക്രീറ്റ് റോഡ്, ഡ്രൈനേജ് പ്രവൃത്തി ചെയ്യേണ്ടതുണ്ട്. |
| 4 | കണ്ണൂർ ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണം-മൂസമുക്ക് ഈങ്ങയിൽ പീടിക - തോട്ടുമ്മൽ കനാൽ റോഡ് തലശ്ശേരി മുനിസിപ്പാലിറ്റി | 56.00 | കരാറിൽ എർപ്പെട്ട് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. | പൈപ്പ് ലേയിംഗ്, ടാറിംഗ്, ഡ്രൈനേജ് പ്രവൃത്തി ചെയ്യേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| 5 | ന്യൂ മാഹി എഫ്എൽസി, തലായി ഫിഷിംഗ് ഹാർബർ എന്നിയുടെ അറ്റകുറ്റപ്പണി | 23.00 | സ്റ്റേറ്റ് സ്കീമിൽ ഭരണാനുമതി ലഭിച്ചു. | സാങ്കേതികാനുമതി നല്കി, ടെണ്ടർ ക്ഷണിച്ച് കരാർ ഉടമ്പടിയിൽ എർപ്പെട്ട് പ്രവൃത്തി ഏർപ്പാടാക്കേണ്ടതുണ്ട്. |
| 6 | തലായി ഫിഷറി ഹാർബറിലെ വാർഷിക അറ്റകുറ്റപ്പണി | 7.00 | കരാറിൽ എർപ്പെട്ട് സൈറ്റ് കൈമാറി നല്കിയിട്ടുണ്ട്. | തലായി ഫിഷറി ഹാർബറിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏർപ്പാടാക്കേണ്ടതുണ്ട്. |
| 7 | നബാർഡ് RIDF XXIX ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ചാലിൽ ഗോപാലപ്പേട്ട ഫിഷ് ലാൻറ്റിംഗ് സെൻ്റർ വിപുലീകരണം. | 1115.00 | കരാറിൽ എർപ്പെട്ടു. 46% പ്രവൃത്തികൾ പൂർത്തീകരിച്ചു . | ഓക്ഷൻ ഹാൾ, ഷെഡ്, ഷോപ്പ്, ചുറ്റുമതിൽ, ഡ്രെയിൻ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട് . |